# ചിത്രാഞ്ജലി സ്റ്റുഡിയോ
# (കെ.എസ്.എഫ്.ഡി.സി. യൂണിററ്)
# തിരുവല്ലം, തിരുവനന്തപുരം-27
**ഫോൺ: 0471-2381451, 2380946**

നം: 16/സി.എസ്/**അഡ്മിൻ**/2016-17 11.11.2024

**ടെണ്ടർ നോട്ടീസ്**

തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിലേക്ക് സ്റ്റാഫിനെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടു വിടുന്നതിനുമായി 10-15 സീറ്റുകളിൽ കുറയാത്ത മിനി ബസ്സ് ദിവസ വാടകാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി : 2***0/11/2024 01.00 PM***

കൂടുതൽ വിവരങ്ങൾക്ക് **www.ksfdc.in** സന്ദർശിക്കുക.

ഫോൺ: **9961968135**

(ഒപ്പ്)

**സ്റ്റുഡിയോ മാനേജർ i/c.**

പകർപ്പ് : 1) ഹെഡ് ഓഫീസ്.
2) കലാഭവൻ.
3) കൈരളി/ശ്രീ/നിള തിയേററർ.
4) ഓഫീസ് നോട്ടീസ് ബോർഡ്.
5) മെയിൻ ഗേററ്.
6) വില്ലേജ് ഓഫീസ്, തിരുവല്ലം
7) കോർപ്പറേഷൻ സോണൽ ഓഫീസ്, തിരുവല്ലം.
8) പോസ്റ്റ് ഓഫീസ്, തിരുവല്ലം
9) ഓഫീസ് കോപ്പി.

# ചിത്രാഞ്ജലി സ്റ്റുഡിയോ
# തിരുവല്ലം, തിരുവനന്തപുരം-27

**ഫോൺ: 0471-2381451, 2380946**

നം: 16/സി.എസ്/സ്റ്റോർ/2016-17 11/2024

## ടെണ്ടർ ഷെഡ്യൂൾ

| | | |
|---|---|---|
| 1) | ഇന വിവരം | : ചിത്രാഞ്ജലി സ്റ്റുഡിയോയിലേക്ക് സ്റ്റാഫുകളെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടു വിടുന്നതിനുമായി 10-15 സീറ്റുകളിൽ കുറയാത്ത മിനി ബസ്സ് ദിവസ വാടക അടിസ്ഥാനത്തിൽ നൽകുന്നതിന് |
| 2) | ടെണ്ടർ ഫോറത്തിന്റെ വില | : 250 രൂപ + 18% ജി.എസ്.ടി., |
| 3) | നിരതദ്രവ്യം | : 10,000/- രൂപ |
| 4) | ടെണ്ടർ ഫോറം വില്ക്കുന്ന അവസാന തീയതി | : **20/11/24 ഉച്ചയ്ക്ക് 12 മണി വരെ** |
| 5) | ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി | : **20/11/24 ഉച്ചയ്ക്ക് 01 മണി വരെ** |
| **6)** | ടെണ്ടറുകൾ തുറക്കുന്ന തീയതി | : **20/011/24 ഉച്ചയ്ക്ക് 02 മണി വരെ** |
| 7) | ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽവിലാസം | : **സ്റ്റുഡിയോ** മാനേജർ (ഇൻ-ചാർജ്ജ്), **ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം-27.** |

(ഒപ്പ്)

**സ്റ്റുഡിയോ മാനേജർ i/c.**

**<u>**ടെണ്ടർ ഫോറം www.ksfdc.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അത്തരം അവസരത്തിൽ ടെണ്ടർ ഫോറത്തിന്റെ വില ഡിഡി/രസീത് ആയി പ്രത്യേകം സമർപ്പിക്കേണ്ടതാണ്.</u>**

<u>**ടെണ്ടർ ഫോം**</u>

1. പേരും മേൽ വിലാസവും : ...............................................

...............................................

ഫോൺ നമ്പർ ...............................................

2. തിരിച്ചറിയൽ രേഖ സംബന്ധിച്ച വിവരങ്ങൾ: ...........................................

...........................................

3. ടെണ്ടർ ഫോറത്തിന്റെ വില അടച്ചതിന്റെ വിശദാംശം : ..... .......................... രൂപ
ഡി.ഡി/രസീത് നമ്പർ ..............
തീയതി: ..............

4. നിരതദ്രവ്യം അടച്ചതിന്റെ വിശദാംശം : .......... ....................രൂപ
ഡി.ഡി/രസീത് നമ്പർ ..............
തീയതി: .............

5. വാഹനം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മുൻകാലങ്ങളിൽ കരാർ വ്യവസ്ഥയിൽ നൽകിയിട്ടുണ്ടോ? വിശദാംശങ്ങൾ :
6. വാഹനം ഓടിയ്ക്കുന്നത് മതിയായ ലൈസൻസുള്ള പ്രവൃത്തി പരിചയമുള്ള ആളാണോ? വിശദാംശങ്ങൾ (പകർപ്പ് ഹാജരാക്കുക) :
7. വാഹനത്തിന്റെ ആർ.സി., ഇൻഷുറൻസ് പെർമിറ്റ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ (പകർപ്പ് ഹാജരാക്കുക)

8. കരാറിൽ പറയുന്ന സമയത്തിനുപരിയായി മാനേജ്മെന്റ് ആവശ്യപ്പെടുന്ന സമയത്ത് വാഹനസൗകര്യം ഏർപ്പെടുത്താൻ തയ്യാറാണോ
9. വാഹനം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ രാവിലെ സ്റ്റാഫുകളെ എത്തിച്ച് തിരികെ വൈകിട്ട് എത്തി സ്റ്റാഫുകളെ തിരികെ കൊണ്ട് പോകുന്നതിനുള്ള ദിവസവാടക അടിസ്ഥാനത്തിലുള്ള തുക (അക്കത്തിലും അക്ഷരത്തിലും)

***<u>നിബന്ധനകൾ</u>***

1. കരാർ പ്രകാരമുള്ള വാഹനത്തിന് ഏറ്റവും കുറഞ്ഞത് 10-15 സീറ്റിൽ കുറയരുത്.
2. വാഹനം രാവിലെ 9.15 മണിയ്ക്ക് വഴുതയ്ക്കാട് കെ.എസ്.എഫ്.ഡി.സി. ഹെഡ്ഡാഫീസിൽ നിന്നും തപാൽ എടുത്ത് തമ്പാനൂർ, കിഴക്കേക്കോട്ട, മണക്കാട് വഴി തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ രാവിലെ 9.55-ന് ജീവനക്കാരുമായി എത്തി വൈകിട്ട് 5.00-ന് തിരിച്ച് ടി വഴിയിലൂടെ തിരികെ എത്തിയ്ക്കണം.
3. വാഹനം ഓടിയ്ക്കുന്നത് മതിയായ കാലാവധിയുള്ള ഹെവി ഡ്രൈവിംഗ് ലൈസൻസ് ഉള്ള ആളായിരിക്കണം. വാഹനം മിതമായ വേഗത്തിലും ഗതാഗത നിയമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടും മാത്രം ഓടിയ്ക്കണം. മദ്യപിച്ചും മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച് വാഹനം ഓടിയ്ക്കാൻ പാടുള്ളതല്ല.
4. വാഹനത്തിന് എന്തെങ്കിലും തകരാർ സംഭവിച്ച് ഓടിയ്ക്കാൻ കഴിയാതെ വന്നാൽ പകരം വാഹന സൗകര്യം ക്രമീകരിയ്ക്കണം.
5. നിബന്ധന രണ്ടിൽ പറഞ്ഞത് കൂടാതെ മറ്റ് സമയങ്ങളിൽ വാഹനം ഓടിയ്ക്കേണ്ടി വന്നാൽ കരാറുകാരൻ തയ്യാറാകണം. ഇതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വാടക നൽകുന്നതാണ്.
6. വാഹനത്തിന് ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ കരാറുകാരന്റെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. ഇതിന് മാനേജ്മെന്റിൽ നിന്നും യാതൊരു സാമ്പത്തിക സഹായവും ലഭിയ്ക്കുന്നതല്ല.
7. കരാറുകാരന്റെ സ്വന്തം ചെലവിൽ വാഹനത്തിന്റെ നിയമപരമായ നികുതികൾ, രജിസ്ട്രേഷൻ, ഇൻഷുറൻസ് എന്നിവ അടയ്ക്കേണ്ടതും ആയതിന്റെ പകർപ്പ് ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.
8. വാഹനം ഓടിയ്ക്കുമ്പോൾ നിർഭാഗ്യവശാൽ ഉണ്ടാകുന്ന അപകടങ്ങൾക്കും നിയമലംഘനങ്ങൾക്കും പൂർണ്ണമായ ഉത്തരവാദി കരാറുകാരൻ മാത്രമായിരിക്കും. ഇതുവഴി ഉണ്ടാകുന്ന നിയമപരമായ നടപടികൾക്കും പിഴകൾക്കും കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
9. കരാർ കാലാവധി ഒരു വർഷം ആയിരിക്കും. കരാറുകാരൻ 200/- രൂപ മുദ്രപ്പത്രത്തിൽ കെ.എസ്.എഫ്.ഡി.സി. മാനേജ്മെന്റുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. കരാർ പ്രകാരമുള്ള വാടക മുൻമാസത്തേത് അടുത്ത മാസം 10-ാം തീയതി പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം നൽകുന്നതാണ്.
10. ***13 വർഷത്തിൽ*** കൂടുതൽ പഴക്കമുള്ള വാഹനങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
11. ടെണ്ടർ സ്വീകരിയ്ക്കുവാനും നിരുപാധികം നിരസിയ്ക്കാനും ടെണ്ടർ നടപടികൾ പൂർണ്ണമായി നിറുത്തിവയ്ക്കുവാനും സ്റ്റുഡിയോ മാനേജർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

***<u>കരാറുകാരൻ പൂരിപ്പിച്ച് നൽകേണ്ട വിവരങ്ങൾ</u>***

1. ഫോം
2. നിബന്ധന ഒപ്പ് വച്ച് സമർപ്പിയ്ക്കണം
3. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്
4. വാഹനത്തിന്റെ ആർ.സി.ബുക്ക്, ഇൻഷുറൻസ്, പെർമിറ്റ്, ടാക്സ് എന്നീ രേഖകളുടെ പകർപ്പ്
5. ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ്
6. പെർമിറ്റ് സർട്ടിഫിക്കറ്റ്
7. ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്

This document was created with the Win2PDF “Print to PDF” printer available at

https://www.win2pdf.com

This version of Win2PDF 10 is for evaluation and non-commercial use only.
Visit https://www.win2pdf.com/trial/ for a 30 day trial license.

This page will not be added after purchasing Win2PDF.

https://www.win2pdf.com/purchase/